## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2555** 06.02.2018-ൽ മറുപടിയ്ക്ക്

**ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിലവിൽ ഭവനരഹിതതായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിലെ ഐ.ടി.ഡി പ്രോജക്റ്റ് ഓഫീസർ / പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസർ മുഖേന 01/07/2017 തീയതി പ്രകാരം നടത്തിയ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ സ്വന്തമായി ഭൂമിയുള്ളവരിൽ ഭവന രഹിതരായ 15176 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമിയില്ലാത്ത ഭവനരഹിതരായി 11594 കുടുംബങ്ങളും ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -I ആയി ചേർക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച് സംസ്ഥാനത്ത് നിലവിൽ 48154 ഭവന രഹിതരായ പട്ടികജാതിക്കാരുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -II ആയി ചേർക്കുന്നു. |
| ബി) | ഇവരിൽ എത്ര പേർക്ക് ഈ സർക്കാർ വീട് വച്ച് നൽകിയെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ഭൂമിയുള്ള ഭവന |

| | | | |
|---|---|---|---|
| | | | രഹിതരായ പട്ടികവർഗ്ഗക്കാരായ 6709 കുടുംബങ്ങൾക്ക് പുതിയ വീട്ടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് 2017-18 സാമ്പത്തിക വർഷം 7000 വീട്ടുകൾ നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## അനുബന്ധം

| ക്രമ നം. | ജില്ല | സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായവരുടെ എണ്ണം (1-7-17) | ഭൂമിയില്ലാത്ത ഭവനരഹിതർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 1072 | 27 |
| 2 | കൊല്ലം | 282 | 47 |
| 3 | പത്തനംതിട്ട | 153 | 190 |
| 4 | ആലപ്പുഴ | 128 | 290 |
| 5 | ഇടുക്കി | 2857 | 117 |
| 6 | പാലക്കാട് | 433 | 695 |
| 7 | എറണാകുളം | 679 | 234 |
| 8 | തൃശൂർ | 23 | 48 |
| 9 | കോഴിക്കോട് | 214 | 117 |
| 10 | മലപ്പുറം | 600 | 598 |
| 11 | വയനാട് | 1412 | 8263 |
| 12 | കോട്ടയം | 275 | 150 |
| 13 | കണ്ണൂർ | 1168 | 264 |
| 14 | കാസറഗോഡ് | 5880 | 554 |
| | **ആകെ** | **15176** | **11594** |

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

| ക്രമ നം | ജില്ല | ഭവന രഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6523 |
| 2 | കൊല്ലം | 6327 |
| 3 | പത്തനംതിട്ട | 1023 |
| 4 | ആലപ്പുഴ | 3628 |
| 5 | കോട്ടയം | 2363 |
| 6 | ഇടുക്കി | 2625 |
| 7 | എറണാകുളം | 2824 |
| 8 | തൃശ്ശൂർ | 4528 |
| 9 | പാലക്കാട് | 7383 |
| 10 | മലപ്പുറം | 3300 |
| 11 | കോഴിക്കോട് | 3257 |
| 12 | വയനാട് | 512 |
| 13 | കണ്ണൂർ | 2725 |
| 14 | കാസർഗോഡ് | 1136 |
| | **ആകെ** | **48154** |